ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.02.2025**

## പ്രധാനവാർത്തകൾ

1) രാജ്യത്തെ നീതി നിർവ്വഹണ പ്രക്രിയയിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഫോറൻസിക് മേഖലയിലേക്ക് വനിതകൾ കൂടുതലായി കടന്നുവരുന്നതിൽ അഭിമാനമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2) ജിജ്ഞാസയാണ് ശാസ്ത്രത്തിന്റെ മാതാവെന്നും , ശാസ്ത്രവും അറിവും ചേർന്നാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.

3) വയനാട് പുനരധിവാസം സമയബന്ധിതമായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് മന്ത്രി കെ രാജൻ.

4) സംസ്ഥാന ടെലിവിഷൻ പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ മന്ത്രി സജി ചെറിയാൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

5) സംസ്ഥാനത്ത് കനത്ത ചൂടിന് ആശ്വാസമേകി മഴ മുന്നറിയിപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത. കേരളാ, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മത്സ്യബന്ധനത്തിന് വിലക്ക് .

6) രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിന്റെ മൂന്നാം ദിനം വിദർഭയ്ക്കെതിരെ കേരളത്തിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.

RNU TVPM

*******************************************************

## രാഷ്ട്രപതി

രാജ്യത്തെ നീതി നിർവ്വഹണ പ്രക്രിയയിൽ സുപ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് ഫോറൻസിക് വിഭാഗമെന്നും ഈ മേഖലയിലേക്ക് വനിതകൾ കൂടുതലായി കടന്നുവരുന്നതിൽ അഭിമാനമുണ്ടെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. ഗുജറാത്ത് സന്ദർശനത്തിന്റെ ഭാഗമായി ഗാന്ധിനഗറിലെ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുടെ മൂന്നാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സ്ത്രീകളും യുവജനങ്ങളും എല്ലാ മേഖലയിലും മികച്ച പങ്കാളിത്തം കാഴ്ചവയ്ക്കുന്നത് വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ സഹായകമാകുമെന്നും രാഷ്ട്രപതി പറഞ്ഞു.

RNU TVPM

*******************************************************

## പ്രധാനമന്ത്രി -പ്രതിനിധിതല ചർച്ച

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നുമായി പ്രതിനിധിതല ചർച്ച നടത്തും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഇന്ത്യയിലെത്തിയത്. വ്യാപാരം, നിക്ഷേപം, കാലാവസ്ഥാ വ്യതിയാനം, തുടങ്ങി വിവിധ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യും

*******************************************************

## ദേശീയ ശാസ്ത്ര ദിനം (ഇൻട്രോ)

ഇന്ന് ദേശീയ ശാസ്ത്ര ദിനം. വിഖ്യാത ഭൗതിക ശാസ്ത്രജ്ഞനായ സർ സിവി രാമൻ **'രാമൻ ഇഫക്ട്'** കണ്ടെത്തിയതിന്റെ സ്മരണാർത്ഥം എല്ലാ വർഷവും ഫെബ്രുവരി 28 ന് ശാസ്ത്രദിനം ആചരിക്കുന്നു. ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രതിരോധ, വ്യോമയാന പ്രദർശനം രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്യും. വികസിത ഭാരതത്തിനായി ശാസ്ത്രമേഖലയിൽ ആഗോള നേതൃത്വം വഹിക്കാൻ രാജ്യത്തെ യുവജനതയെ ശാക്തീകരിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം. ശാസ്ത്രദിനത്തിൽ കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടാൻ എ ഐ പോലെയുള്ള സാങ്കേതിക വിദ്യകളുടെ ആവശ്യകതയെക്കുറിച്ച് **കുസാറ്റ് അഡ്വാൻസ്ഡ് സെന്റർ ഫോർ റെഡാർ റിസർച്ച് ഡയറക്ടർ ഡോ.എസ്.അഭിലാഷ് ആകാശവാണി വാർത്തകളോട്........**

(വോയ്സ്)

*******************************************************

## ശാസ്ത്രദിനം- പ്രധാനമന്ത്രി

ദേശീയ ശാസ്ത്ര ദിനത്തിൽ എല്ലാവർക്കും ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജിജ്ഞാസയാണ് ശാസ്ത്രത്തിന്റെ മാതാവെന്നും, ശാസ്ത്രവും അറിവും ചേർന്ന് എല്ലാ പ്രശ്നങ്ങളുടെയും പരിഹാരത്തിലേക്കുള്ള വാതിൽ

RNUTVPM.

തുറക്കുമെന്നും സമൂഹ മാധ്യമത്തിൽ പ്രധാനമന്ത്രി കുറിച്ചു.

*****************************************************

## കെ രാജൻ (ഇൻട്രോ)

വയനാട് പുനരധിവാസം സമയബന്ധിതമായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് മന്ത്രി കെ രാജൻ. പുനരധിവസിപ്പിക്കേണ്ട ആളുകളുടെ ആദ്യ പട്ടിക സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം പട്ടിക ഉടൻ പൂർത്തിയാകും. ആദ്യ രണ്ട് പട്ടികയിൽപ്പെട്ടവരും നേരിട്ട് ദുരന്തത്തിൽപ്പെട്ടവരാണ്. ജനങ്ങൾക്ക് ഇതിൽ ആശങ്ക വേണ്ടെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

(വോയ്സ്)

RNUTVPM

*****************************************************

## വയനാട് കളക്ട്രേറ്റ് -പ്രതിഷേധം

വയനാട് മുണ്ടക്കൈ പുനരധിവാസം വൈകുന്നതിൽ പ്രതിഷേധിച്ച് യുഡിഎഫ് പ്രവർത്തകർ കളക്ടറേറ്റ് വളഞ്ഞു. കളക്ടറേറ്റിന്റെ രണ്ട് കവാടങ്ങളും ഉപരോധിച്ച് കൊണ്ടാണ് സമരം. സമരത്തിനിടെ പോലീസും പ്രവർത്തകരുമായി ചെറിയതോതിൽ സംഘർഷമുണ്ടായി.

*****************************************************

## ടെലിവിഷൻ അവാർഡ്

സംസ്ഥാന ടെലിവിഷൻ പുരസ്കാരങ്ങൾ ഇന്ന് മന്ത്രി സജി ചെറിയാൻ തിരുവനന്തപുരത്ത് സമ്മാനിക്കും. വൈകിട്ട് 5.30 ന് ടാഗോർ തിയേറ്ററിലാണ് ചടങ്ങ് നടക്കുന്നത്. 2022, 2023 വർഷങ്ങളിലെ ടെലിവിഷൻ പുരസ്കാരങ്ങളും 2022 ലെ ആജീവനാന്ത നേട്ടങ്ങൾക്കുള്ള പുരസ്കാരവുമാണ് ഇന്ന് സമ്മാനിക്കുന്നത്. 2022 ലെ ടെലിവിഷൻ അവാർഡുകൾ 49 പേരും 2023 ലെ അവാർഡുകൾ 54 പേരും ഏറ്റുവാങ്ങും.

*******************************************************

## പുതിയ ജീവി വർഗം-ഇടുക്കി(ഇൻട്രോ)

RNU TVPM

ഇടുക്കി വന്യജീവി സങ്കേതത്തിൽ നടത്തിയ വാർഷിക ജന്തുജാല കണക്കെടുപ്പിൽ 37 പുതിയ ജീവിവർഗത്തെ കൂടി കണ്ടെത്തി. 14 പക്ഷികൾ, 15 ചിത്രശലഭങ്ങൾ, എട്ട് തുമ്പികൾ എന്നിവയാണ് പുതിയതായി കണ്ടെത്തിയ അതിഥികൾ. ട്രാവൻകൂർ നേച്ചർ ഹിസ്റ്ററി സൊസൈറ്റിയും, സംസ്ഥാന വനം വന്യജീവി വകുപ്പും സംയുക്തമായി നടത്തിയ സർവേയിലാണ് കണ്ടെത്തൽ. വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..

(വോയ്സ്)

*******************************************************

## പി സി ജോർജ് - വിധി

വിദ്വേഷ പരാമർശത്തിൽ റിമാൻഡിലായ ബി ജെ പി നേതാവും മുൻ എംഎൽഎയുമായ പിസി ജോർജിന് കോടതി ജാമ്യം അനുവദിച്ചു. ഈരാറ്റുപേട്ട മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യം അനുവദിച്ചത്. വിദ്വേഷ പരാമർശത്തിൽ ഹൈക്കോടതി മുൻകൂർ ജാമ്യം നിഷേധിച്ചതിനെ തുടർന്നാണ് പി സി ജോർജ് കോടതിയിൽ കീഴടങ്ങിയത്.

*********************************************

## വെയിൽസ് – മുഖ്യമന്ത്രി

സംസ്ഥാനത്തെത്തിയ വെയിൽസ് ആരോഗ്യ, സാമൂഹിക ക്ഷേമ വകുപ്പ് കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തും. തിരുവനന്തപുരം മെഡിക്കൽ, നഴ്സിംങ് കോളേജുകൾ സന്ദർശിക്കുന്ന വെയിൽസ് സംഘം വിദ്യാർത്ഥികളുമായും സംവദിക്കും. ആരോഗ്യ മന്ത്രി വീണാ ജോർജുമായി സംഘം ചർച്ച നടത്തും. നോർക്ക റൂട്ട്സ് വഴി വെയിൽസിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ആരോഗ്യപ്രവർത്തകരുമായും സംഘം കൂടിക്കാഴ്ച നടത്തുന്നുണ്ട്.

RNU TVPM

*********************************************

## മഴ

സംസ്ഥാനത്ത് കനത്ത ചൂടിന് ആശ്വാസമായി മഴ മുന്നറിയിപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട

ജില്ലകളിൽ നാളെ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മഞ്ഞ ജാഗ്രതാ പ്രഖ്യാപിച്ചു. കേരളാ, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുള്ളതിനാൽ നാളെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ്.

************************************************************

## ഹക്കീം കൂട്ടായി (ഇൻട്രോ)

ആകാശവാണി കോഴിക്കോട് നിലയത്തിലെ പ്രാദേശിക വാർത്ത അവതാരകൻ ഹക്കീം കൂട്ടായി ഇന്ന് വിരമിക്കും. 27 വർഷത്തെ സേവനത്തിന് ശേഷമാണ് അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്ന് പടിയിറങ്ങുന്നത്. 1997 നവംബറിൽ ഡൽഹി ന്യൂസ് സർവീസസ് ഡിവിഷണിൽ മലയാളം വാർത്താ അവതാരകനായി ആകാശവാണിയിൽ പ്രവേശിച്ച അദ്ദേഹം തുടർന്ന് വിവിധ നിലയങ്ങളിൽ പ്രവർത്തിച്ചു. 2000 ഡിസംബറിലാണ് കോഴിക്കോട് നിലയത്തിൽ എത്തുന്നത്. ഏറ്റവും കൂടുതൽ കാലം സേവനം അനുഷ്ഠിച്ചതും ഇവിടെത്തന്നെയാണ്. മലപ്പുറം തിരൂർ സ്വദേശിയാണ് അദ്ദേഹം. **ശ്രീ.ഹക്കിം കൂട്ടായിയുടെ വാക്കുകളിലേയ്ക്ക്................**

(വോയ്സ്)

************************************************************

## രഞ്ജി ട്രോഫി ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിന്റെ മൂന്നാം ദിനം ഒന്നാം ഇന്നിംഗ്സിൽ വിദർഭയ്ക്കെതിരെ കേരളത്തിന്റെ ബാറ്റിംഗ്

PNU TVPM

പുരോഗമിക്കുന്നു. ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ കേരളം 5 വിക്കറ്റ് നഷ്ടത്തിൽ 219 റൺസ് എന്ന നിലയിലാണ്. ആദ്യ ഇന്നിംഗ്സിൽ 379 റൺസാണ് വിദർഭ നേടിയത്.

*******************************************************

## ചാമ്പ്യൻസ് ട്രോഫി

ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റിൽ ഇന്ന് അഫ്ഗാനിസ്ഥാൻ - ഓസ്ട്രേലിയ മത്സരം. ലാഹോറിലെ ഗദ്ദാഫി സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് മത്സരം ആരംഭിക്കുക. ഇന്നലെ നടക്കാനിരുന്ന പാക്കിസ്ഥാനും ബംഗ്ലാദേശും തമ്മിലുള്ള മത്സരം കനത്ത മഴയെ തുടർന്ന് ഉപേക്ഷിച്ചു.

*******************************************************

RNUTVPM

## വനിതാ ട്വന്റി-20

വനിതാ ട്വന്റി-20 പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് -മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30 ന് ബംഗളൂരുവിലാണ് മത്സരം.

*******************************************************

## ഐ എസ് എൽ

ISL ഫുട്ബോൾ മത്സരത്തിൽ ഇന്ന് ഒഡീഷ – മുഹമ്മദൻ എസ്.സി യെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലെ കലിങ്കാ സ്റ്റേഡിയത്തിലാണ് മത്സരം. ഐ എസ് എൽ

മത്സരത്തിന്റെ ഭാഗമായി കാണികളുടെ യാത്ര സുഗമമാക്കാൻ കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. ശനിയാഴ്ച രാത്രി 11 മണിവരെ സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും സർവീസ് നടത്തും .

*****************************************************

## ബോറിസ് സ്പാസ്കി- അന്തരിച്ചു.

മുൻ ലോക ചെസ്സ് ചാമ്പ്യനും സോവിയറ്റ് ഗ്രാൻഡ് മാസ്റ്ററുമായിരുന്ന ബോറിസ് സ്പാസ്ക്കി മോസ്കോയിൽ അന്തരിച്ചു. 88 വയസ്സായിരുന്നു. 18-ാം വയസ്സിൽ ഗ്രാൻഡ്മാസ്റ്റർ കിരീടം നേടിയിട്ടുണ്ട്.

RNU TVPM

*****************************************************

## വെഞ്ഞാറമൂട്

വെഞ്ഞാറമൂട് കൂട്ടക്കൊലപാതകക്കേസിൽ പൊലീസ് അന്വേഷണം പുരോഗമിക്കുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന പ്രതി അഫാനെ ഇന്ന് മജിസ്ട്രേറ്റ് ആശുപത്രിയിലെത്തി റിമാൻഡ് ചെയ്യുമെന്നാണ് സൂചന. മെഡിക്കൽ ബോർഡിന്റെ നിർദേശ പ്രകാരമായിരിക്കും അഫാനെ പൊലീസ് കസ്റ്റഡിയിൽ വാങ്ങുക. അതേസമയം അഫാന്റെ പിതാവ് വിദേശത്തുനിന്ന് ഇന്ന് നാട്ടിലെത്തി.

*****************************************************

## ഓഹരി / സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,053 പോയിന്റ് താഴ്ന്നു 73,554 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 322 പോയിന്റ് കുറഞ്ഞു 22,222 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. സ്വർണം ഗ്രാമിന് 50 രൂപ കുറഞ്ഞു 7,960 രൂപയും , പവന് 400 രൂപ കുറഞ്ഞ് 63,680 രൂപയുമാണ് ഇന്നത്തെ വില.

## ഗില്ലൻ ബാരി സിൻഡ്രോം-മരണം

ഗില്ലൻ ബാരി സിൻഡ്രോം ബാധിച്ച് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന വിദ്യാർഥിനി മരിച്ചു. കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ 10-ാം ക്ലാസ് വിദ്യാർഥിനിയായ ഗൗതമി പ്രവീൺ ആണ് മരിച്ചത്.

RMU TVPM